(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഇല്ല.

(ജി) യോഗ്യതയുടെ അടിസ്ഥാനത്തിൽ നഴ്സിംഗ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ മാനേജുമെൻറിന് 20% സീറ്റുകൾ സംവരണം ചെയ്തിട്ടുള്ളതിനാൽ ആയതിലേക്ക് അടിസ്ഥാന യോഗ്യത ഉള്ളവരെ ഇവർക്ക് തെരഞ്ഞെടുക്കാവുന്നതാണ്. സ്വകാര്യ നഴ്സിംഗ് സ്കൂൾ നടത്തിപ്പിലേക്ക് സർക്കാരിൽനിന്നും സാമ്പത്തിക സഹായം നൽകാത്തതിനാൽ സംവരണതത്വം പാലിക്കുവാൻ നിർദ്ദേശിക്കാവുന്നതല്ല.

എമർജൻസി ടോക്സിക്കോളജി വിഭാഗം

1542. [2309] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് ഓരോ എമർജൻസി ടോക്സിക്കോളജി വിഭാഗം സ്ഥാപിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ;

(ബി) ഇതിൻെറ ആവശ്യകതയെ സംബന്ധിച്ച് ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ,ബി) മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് എമർജൻസി ടോക്സിക്കോളജി വിഭാഗം തുടങ്ങാൻ ആലോചിച്ചിട്ടില്ല.

യൂനാനി വൈദ്യ വിഭാഗം

1543. [2310] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂനാനി വൈദ്യ വിഭാഗം വികസിപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ,ബി) യൂനാനി വൈദ്യ വിഭാഗത്തിൽ ഒരു ക്ലിനിക്കൽ റിസർച്ച് യൂണിറ്റ് കൊച്ചിക്കടുത്ത് സ്ഥാപിക്കുന്ന കാര്യം യൂനാനി വൈദ്യഗവേഷണത്തിനുള്ള കേന്ദ്രസമിതി (ന്യൂഡൽഹി)യുടെ പരിഗണനയിലുണ്ട്.

ഫാർമസിസ്റ്റുകൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ

1544. [2311] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്തെ ഫാർമസിസ്റ്റുകൾ ഉന്നയിച്ച ചില ആവശ്യങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly